**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3018** **18-03-2022 - ൽ മറുപടിയ്ക്ക്**

## കണ്ണൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ കോർപ്പറേഷൻ, മുണ്ടേരി ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി ഉണ്ടാകുമോ; | (എ) | ജലജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമീണ മേഖലയിലെ ജലവിതരണം മാത്രമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കണ്ണൂർ കോർപ്പറേഷനിലെ ജലവിതരണം ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനാകാത്തതിനാൽ കോർപ്പറേഷനിലെ മുഴുവൻ ഭവനങ്ങൾക്കും ഗാർഹിക കണക്ഷൻ നൽകുന്നതിനായുള്ള പ്രവർത്തി, അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. മുണ്ടേരി ഗ്രാമപഞ്ചായത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി 4572 ലക്ഷം രൂപയുടെ പദ്ധതിക്ക് ജല ജീവൻ മിഷനിൽ 18.09.2021 ന് ഭരണാനുമതി നല്കിയിട്ടുണ്ട്. പുതിയ ടാങ്ക് നിർമാണത്തിനാവശ്യമായ സ്ഥലം 2022 ജനുവരി മാസം പഞ്ചായത്ത് ലഭ്യമാക്കിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതി പൂർത്തിയാകുന്നതോടെ മുണ്ടേരി ഗ്രാമപഞ്ചായത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മുണ്ടേരി പഞ്ചായത്തിൽ കൊളച്ചേരി ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും നിലവിൽ ശുദ്ധജല വിതരണം നടത്തുന്നുണ്ട്. വേനൽക്കാലത്ത് ശുദ്ധജല വിതരണം സുഗമമാകാനായി അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. കൂടാതെ മുണ്ടേരി പഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതി ആരംഭിച്ച് നിർമ്മാണം ത്വരിതപ്പെടുത്തുവാൻ ഊർജിത നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവിടെ വേനൽക്കാലത്ത് കുടിവെള്ളത്തിന് ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ ജലജീവൻ മിഷൻ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ബി) | ജലജീവൻ മിഷൻ പദ്ധതിയിൽ ഗ്രാമീണ മേഖലയിലെ ജലവിതരണം മാത്രമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കണ്ണൂർ കോർപ്പറേഷനിലെ ജലവിതരണം ജലജീവൻ മിഷൻ പദ്ധതിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്താനാകാത്തതിനാൽ കോർപ്പറേഷനിലെ മുഴുവൻ ഭവനങ്ങൾക്കും ഗാർഹിക കണക്ഷൻ നൽകുന്നതിനായുള്ള പ്രവർത്തി, അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി വിശദമായ പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. മുണ്ടേരി ഗ്രാമപഞ്ചായത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായി 4572 ലക്ഷം രൂപയുടെ പദ്ധതിക്ക് ജല ജീവൻ മിഷനിൽ 18.09.2021 ന് ഭരണാനുമതി നല്കിയിട്ടുണ്ട്. പുതിയ ടാങ്ക് നിർമാണത്തിനാവശ്യമായ സ്ഥലം 2022 ജനുവരി മാസം പഞ്ചായത്ത് ലഭ്യമാക്കിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. പദ്ധതി പൂർത്തിയാകുന്നതോടെ മുണ്ടേരി ഗ്രാമപഞ്ചായത്തിലെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മുണ്ടേരി പഞ്ചായത്തിൽ കൊളച്ചേരി ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും നിലവിൽ ശുദ്ധജല വിതരണം നടത്തുന്നുണ്ട്. വേനൽക്കാലത്ത് ശുദ്ധജല വിതരണം സുഗമമാകാനായി അറ്റകുറ്റപണികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. കൂടാതെ മുണ്ടേരി പഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതി ആരംഭിച്ച് നിർമ്മാണം ത്വരിതപ്പെടുത്തുവാൻ ഊർജിത നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ